"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കോട്ടയം ജില്ലയിലെ മണർക്കാട് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി.ലൈസമ്മ സേവ്യറിന് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1294/2022/LSGD തീയതി,തിരുവനന്തപുരം, 25-05-2022

---

പരാമർശം:-
1. 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.
2. സ.ഉ(പി)നം.110/13/ധന തീയതി 01.03.2013.
3. ശ്രീമതി.ലൈസമ്മ സേവ്യറിന്റെ 28.10.2009ലെ ശൂന്യവേതനാവധിയപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 03.08.2018 ലെ ഇ2-35282/17, 19.04.2022 ലെ ഇ2-10341/19 എന്നീ നമ്പർ കത്തുകൾ.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ മണർക്കാട് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി.ലൈസമ്മ സേവ്യറിന് ടിയാൾ അക്കൗണ്ടന്റായിരുന്ന കാലഘട്ടത്തിലെ 28.10.2009 മുതൽ 08.09.2010 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം ( 3 ) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 4 ) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി.ലൈസമ്മ സേവ്യർ 05.12.1997 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് മേലാർക്കാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 28.10.2009 മുതൽ 24.02.2010 വരെ 120 ദിവസത്തേക്ക് ശൂന്യവേതനാവധി അനുവദിക്കുകയും ആയതിന് തുടർച്ചയായി ടിയാൾ ശൂന്യവേതനാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചതിനാൽ പ്രസ്തുത ശൂന്യവേതനാവധി റദ്ദ് ചെയ്തിട്ടുണ്ട്. 28.10.2009 മുതൽ 08.09.2010 വരെയുള്ള കാലയളവിലേക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും 08.09.2010 തീയതിയിലുള്ള മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. അവധിക്കാലയളവിന് ശേഷം 09.09.2010 ന് സേവനത്തിൽ പുനഃപ്രവേശിച്ചു

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഇനി പരിശോധിക്കാൻ നിർവ്വാഹമില്ല. കൂടാതെ രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരവും നഷ്ടമായിരിക്കുന്നു. ആയതിനാൽ ടിയാൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിക്കാൻ നിർവ്വാഹമില്ല എന്നതിനാൽ കോട്ടയം ജില്ലയിലെ മണർക്കാട് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി.ലൈസമ്മ സേവ്യറിന് പരാമർ ശം (2) ഉത്തരവ് പ്രകാരം 28.10.2009 മുതൽ 08.09.2010 വരെ മുൻകാല പ്രാബല്യത്തോടെ കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ്, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ,

ആർജ്ജിതാവധി എന്നിവക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, മണർക്കാട് ഗ്രാമപഞ്ചായത്ത്, കോട്ടയം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.ലൈസമ്മ സേവ്യർ, അസിസ്റ്റന്റ് സെക്രട്ടറി, മണർക്കാട് ഗ്രാമപഞ്ചായത്ത്, കോട്ടയം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(239/ഇപിഎ1/2018/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
Signed by Danuja M S
Date: 25-05-2022 16:23:36

സെക്ഷൻ ഓഫീസർ